പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62 | 20-03-2013-ൽ മറുപടിക്ക്

മഴവെള്ള സംഭരണത്തിനും ഭൂജലപരിപോഷണത്തിനുമുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ.<br>ശ്രീ. കെ. ശിവദാസൻ നായർ.<br>ശ്രീ. പി.സി. വിഷ്ണുനാഥ്.<br>ശ്രീ. ലൂഡി ലൂയിസ്. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മഴവെള്ള സംഭരണത്തിനും ഭൂജലപരിപോഷണത്തിനുമായി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്; 2012-13 സാമ്പത്തിക വർഷത്തെ സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി മഴവെള്ള സംഭരണം-ഭൂജല പരിപോഷണം എന്ന പദ്ധതിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി ഈ സാമ്പത്തികവർഷം 12.02 കോടി രൂപ അനുവദിക്കുകയും ചെയ്തു. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുന്ന സംസ്കാരം കേരളത്തിലുടനീളം പ്രചരിപ്പിക്കുക;<br>കുടിവെള്ളം ലഭ്യമാക്കുവാൻ സാധിക്കാത്ത പ്രദേശങ്ങളിൽ മഴവെള്ളം ശേഖരിച്ച് കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക;<br>വരൾച്ചയെ പ്രതിരോധിക്കുന്നതിനുള്ള മാർഗ്ഗമായി മഴവെള്ള സംഭരണം, ഭൂജല പരിപോഷണം എന്നിവ പ്രോൽസാഹിപ്പിക്കുക;<br>മഴവെള്ള സംഭരണ മാതൃകകൾ സജ്ജമാക്കി ജനങ്ങളെ ഇത്തരം പ്രവർത്തനങ്ങളിലേക്ക് ആകർഷിക്കുക. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്ന തെന്നറിയിക്കുമോ; | (സി) | ജലവിഭവ വകുപ്പിന്റെ കീഴിലുള്ള കെ. ആർ.ഡബ്ല്യു.എസ്.എ. സി.സി.ഡി.യു. എന്നിവ സംയുക്തമായും, കേരള ജല അതോറിറ്റി എൻ.ജി.ഒ. മുഖേനയും പദ്ധതി നടപ്പിലാക്കുന്നു. |
| (ഡി) | എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിക്ക് ലഭ്യമാകുന്നത് എന്നറിയിക്കുമോ; | (ഡി) | വ്യക്തിഗത ആനുകൂല്യമാണ് പദ്ധതിയുടെ ഭാഗമായി നൽകി വരുന്നത്. വീടുകളിൽ 10,000 ലിറ്റർ ശേഷിയുള്ള മഴവെള്ള സംഭരണികളാണ് നിർമ്മിച്ചു നൽകുന്നത്. ഗ്രാമ പഞ്ചായത്ത് മുഖാന്തിരം തെരഞ്ഞെടുക്കുന്ന അർഹതയുള്ള കുടുംബങ്ങൾക്ക് സബ്സിഡി നിരക്കിലാണ് പദ്ധതിയുടെ സഹായം ലഭ്യമാക്കുന്നത്. |
| (ഇ) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഇ) | ജലനിധി സി.സി.ഡി.യു., ഗ്രാമപഞ്ചായത്തുകൾ എന്നീ സ്ഥാപനങ്ങളുടെ വിവിധങ്ങളായ സംവിധാനങ്ങളും, ഏകോപനവുമാണ് പദ്ധതി നടത്തിപ്പിന് ഏർപ്പെടുത്തിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ